# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6743:** **12/07/2012- ൽ മറുപടിക്ക്**

### വ്യവസായ വികസനത്തിൽ ദേശസാൽകൃത ബാങ്കുകളുടെ വിവേചനം

**ചോദ്യം** **ഉത്തരം**

**ശ്രീ. എ. കെ. ബാലൻ :**

" **എളമരം കരീം :**

" **പി. ശ്രീരാമകൃഷ്ണൻ :**

" **കെ. ദാസൻ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ വികസന കാര്യത്തിൽ ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വിവേചനം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വിവേചനം അവസാനിപ്പിക്കാനും വ്യവസായ സംരംഭങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിപ്പിക്കാനും നിക്ഷേപം വർദ്ധിപ്പിക്കാനും നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വായ്പ അപേക്ഷകളിന്മേൽ സത്വരമായ തീരുമാനം എടുക്കുന്നതിലേക്ക് ബാങ്കുകളെ സമീപിച്ച് ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർ വേണ്ട തുടർ നടപടികൾ നടത്തുന്നുണ്ട്. സംരംഭകരുടെ പരാതികൾ ബ്ലോക്ക് ലവൽ ബാങ്കേഴ്സ് കമ്മിറ്റി, ജില്ലാ തല റിവ്യൂ കമ്മിറ്റി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവയുടെ വേദികളിൽ അവതരിപ്പിച്ച് പരിഹാരം നിർദ്ദേശിക്കാറുണ്ട്. നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ബ്ലോക്ക് താലൂക്ക്/ജില്ലാതല സെമിനാറുകൾ, സംരംഭകത്വ പരിശീലന പരിപാടികൾ, സംരംഭക സംഗമങ്ങൾ എന്നിവ എല്ലാ വർഷവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംഘടിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ ദേശസാൽകൃത ബാങ്കുകളുടെ സംസ്ഥാനത്തെ വായ്പ നിക്ഷേപ അനുപാതം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിലയിരുത്തുകൾ വെളിപ്പെടുത്താമോ? | (സി) | സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ 106-ാം മീറ്റിങ്ങിന്റെ മിനിട്സ് പ്രകാരം കേരളത്തിലെ ബാങ്കിംഗ് മേഖലയിൽ വായ്പാ നിക്ഷേപ അനുപാതം വർദ്ധിച്ചിട്ടുണ്ട്. 2003-ൽ 45 -47% വായ്പാ നിക്ഷേപം ഉണ്ടായിരുന്നിടത്ത് 2011 ഡിസംബറിൽ വായ്പ നിക്ഷേപ അനുപാതം 74.80% ആയി ഉയർന്നിട്ടുണ്ട്. 2011 ഡിസംബറിലെ കണക്കനുസരിച്ച് മുൻഗണനാ മേഖലകളിൽ കൊടുത്ത വായ്പ മൊത്തം വായപയുടെ 56.34% ആകുന്നു. |

സെക്ഷൻ ഓഫീസർ